I/42589/2024

**Website: www.kwa.kerala.gov.in** **Tel. 0471-2738300**

**Mobile/ Whatsapp: +919495998258** Consumer Helpline Number

**1916 [24X7] [Toll Free]**

**1916cckwa@gmail.com**

**KERALA WATER AUTHORITY**

**Jalabhavan**

**Thiruvananthapuram – 695033**

**Kerala - India**

File No. KWA-JB/5170/2023-E1 Dated: 24-01-2024

## സർക്കുലർ

വിഷയം: കേരള വാട്ടർ അതോറിറ്റി - സംസ്ഥാനത്തെ അസംഘടിത തൊഴിലാളികളെ ഇ-ശ്രം പോർട്ടലിൽ രജിസ്റ്റർ ചെയ്യിക്കുന്നത് - തൊഴിലും നൈപുണ്യവും വകപ്പ് നിർദ്ദേശം നടപ്പാക്കുന്നത് സംബന്ധിച്ച്.

സൂചന: 1. സർക്കാർ കത്ത് നമ്പർ ജി & പി 3 / 01 / 2022 - ജ വി വ തീയതി 14.02.2022

2. സർക്കുലർ നം. ബി1/90/2021/തൊഴിൽ തീയതി 10.12.2021

ബഹു.സുപ്രീം കോടതിയുടെ Suo motu case no. 06/2020 ലെ 29/06/2021-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര തൊഴിൽ മന്ത്രാലയം പുറപ്പെടുവിച്ച നിർദ്ദേശപ്രകാരം അസംഘടിത മേഖലയിലെ എല്ലാ തൊഴിലാളികളെയും "ഇ-ശ്രം" പോർട്ടലിൽ രജിസ്റ്റർ ചെയ്യിക്കേണ്ടതായിട്ടുണ്ട്. ഇ.എസ്.ഐ., ഇ.പി.എഫ്. പദ്ധതികൾ ബാധകമാകിയിട്ടില്ലാത്ത, എല്ലാ വിഭാഗം തൊഴിലാളികളെയും 'ഇ-ശ്രം' പോർട്ടലിൽ രജിസ്റ്റർ ചെയ്യിക്കാവുന്നതാണ്.

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ്, മറ്റ് സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾ എന്നിവ ഭാവിയിൽ ലഭ്യമാകുന്നതിന് രജിസ്ട്രേഷൻ കാർഡ് നിർബന്ധമാക്കാനുള്ള സാധ്യതയുള്ളതിനാൽ എല്ലാ അസംഘടിത തൊഴിലാളികളെയും ഈ പോർട്ടലിൽ (www.eshram.gov.in) രജിസ്റ്റർ ചെയ്യിക്കേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ, സർക്കാർ സ്ഥാപനങ്ങൾ, ബാങ്കുകൾ. പൊതുമേഖലാ സ്ഥാപനങ്ങൾ. കമ്പനി/ബോർഡ് /കോർപ്പറേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ അവരുടെ പ്രവർത്തന മേഖലയുമായി ബന്ധപ്പെട്ട എല്ലാ തൊഴിലാളികളെയും ഇ-ശ്രം പോർട്ടലിൽ രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അതിനാൽ വാട്ടർ അതോറിറ്റിയിൽ കരാറുകാർ മുഖേന ജോലി നോക്കുന്ന, മേൽ പരിധിയിൽ വരുന്ന തൊഴിലാളികളെ പോർട്ടലിൽ രെജിസ്റ്റർ ചെയ്യിട്ടുണ്ട്

I/42589/2024

എന്ന് കരാറിൽ ഏർപ്പെടുന്ന എല്ലാ ഓഫീസർമാരും ഉറപ്പാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്. സൂചന 2 ലെ സർക്കുലറിന്റെ പകർപ്പ് ഇതോടൊപ്പം നൽകുന്നു.

Signed by
Dr. Dinesan Cheruvat I A S
Date: 24-01-2024 12:53:04
ജോയിന്റ് മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്,

എല്ലാ ഓഫീസ് മേധാവികൾക്കും.

പകർപ്പ്,

ചീഫ് എൻജിനീയർ (പ്രോജെക്ട്സ് & ഓപ്പറേഷൻസ്)

കേരള വാട്ടർ അതോറിറ്റി

**കേരള സർക്കാർ**

**തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

**നം.ബി1/90/2021/തൊഴിൽ** **തിരുവനന്തപുരം, തീയതി, 10.12.2021**

**പരിപത്രം**

വിഷയം:- തൊഴിലും നൈപുണ്യവും വകുപ്പ് - സംസ്ഥാനത്തെ അസംഘടിത തൊഴിലാളികളെ ഇ-ശ്രം പോർട്ടലിൽ രജിസ്റ്റർ ചെയ്യിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ജില്ലാ കളക്ടർമാരുമായും ജില്ലാതല ലേബർ ഓഫീസർമാരുമായും 10.12.2021-ന് കൂടിയ യോഗം.

ബഹു.സുപ്രീം കോടതിയുടെ Suo Motu Case No.6/2020-ലെ 29/06/2021-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര തൊഴിൽ മന്ത്രാലയം പുറപ്പെടുവിച്ച നിർദ്ദേശപ്രകാരം അസംഘടിത മേഖലയിലെ എല്ലാ തൊഴിലാളികളെയും 2021 ഡിസംബർ 31-നകം 'ഇ-ശ്രം' പോർട്ടലിൽ രജിസ്റ്റർ ചെയ്യിക്കേണ്ടതായിട്ടുണ്ട്. കെട്ടിട നിർമ്മാണ തൊഴിലാളികൾ, അതിഥി തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ, പാചക തൊഴിലാളികൾ, കർഷക തൊഴിലാളികൾ, സ്വയം തൊഴിൽ ചെയ്യുന്നവർ, വഴിയോര കച്ചവടക്കാർ, ചെറുകിട കച്ചവടക്കാർ, ആശാ വർക്കേഴ്സ്, അംഗണവാടി തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, ക്ഷീര കർഷകർ, കുടുംബശ്രീ അംഗങ്ങൾ, ദേശിയ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ തുടങ്ങിയവരിൽ ഇ.എസ്.ഐ., ഇ.പി.എഫ്. പദ്ധതികൾ ബാധകമാക്കിയിട്ടില്ലാത്ത, എല്ലാ വിഭാഗം തൊഴിലാളികളെയും 'ഇ-ശ്രം' പോർട്ടലിൽ രജിസ്റ്റർ ചെയ്യിക്കാവുന്നതാണ്.

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ്, മറ്റ് സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾ എന്നിവ ഭാവിയിൽ ലഭ്യമാകുന്നതിന് രജിസ്ട്രേഷൻ കാർഡ് നിർബന്ധമാക്കാനുള്ള സാധ്യതയുള്ളതിനാൽ എല്ലാ അസംഘടിത തൊഴിലാളികളെയും ഈ പോർട്ടലിൽ (www.eshram.gov.in) രജിസ്റ്റർ ചെയ്യിക്കേണ്ടതുണ്ട്.

തൊഴിലാളികൾക്ക് ആധാർ നമ്പർ, മൊബൈൽ നമ്പർ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ സഹിതം കോമൺ സർവ്വീസ് സെന്റർ, അക്ഷയ സെന്റർ എന്നിവ മുഖേനയോ, അല്ലെങ്കിൽ സ്വന്തം നിലയ്ക്കോ രജിസ്റ്റർ ചെയ്യാവുന്നതാണ്.

മേൽ സാഹചര്യത്തിൽ, സർക്കാർ സ്ഥാപനങ്ങൾ, ബാങ്കുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കമ്പനി/ബോർഡ്/കോർപ്പറേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ അവരുടെ പ്രവർത്തന മേഖലയുമായി ബന്ധപ്പെട്ട എല്ലാ തൊഴിലാളികളെയും ഇ-ശ്രം പോർട്ടലിൽ ഒരാഴ്ചക്കകം രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡോ. വി.പി.ജോയ്**
**ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ
ലേബർ കമ്മീഷണർ
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (ഇ-ഓഫീസ് മുഖാന്തിരം)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ



Generated from eOffice by HEMANTH G R, E1 KWA, E1 KWA, KWA HO on 19/01/2024 10:22 AM